I ഇ.ബി. XV -  കേരള നിയമസഭ/XI-8

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 25, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ടി.പി. ചന്ദ്രശേഖരൻ കൊലപാതകക്കേസ് പ്രതികൾക്ക് ശിക്ഷയിളവ് നൽകാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന നീക്കത്തെ സംബന്ധിച്ചാണ് ഇന്ന് നോട്ടീസ് നൽകിയിട്ടുള്ളത്. ഇത്തരമൊരു നീക്കം ഉണ്ടായിട്ടില്ലെന്ന കാര്യം വ്യക്തമാക്കപ്പെട്ട സാഹചര്യത്തിലും മറ്റ് അടിയന്തര

പ്രാധാന്യമില്ലാത്തതിനാലും നോട്ടീസ് നിരസിക്കുകയാണ്. അംഗം ആവശ്യപ്പെടുന്ന പക്ഷം ഇക്കാര്യം സബ്മിഷനായി ഉന്നയിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രതിപക്ഷം സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി കൊണ്ടുവന്ന വിഷയത്തിൽ സർക്കാർ പറയേണ്ട മറുപടി ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് അനൗചിത്യമാണ്. പോലീസ് കമ്മീഷണറോട് ശിക്ഷായിളവ് നൽകേണ്ടവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് ജയിൽ സൂപ്രണ്ട് നൽകിയ കത്ത് തെളിവായി ഞങ്ങളുടെ കൈവശമുണ്ട്.

മി. സ്പീക്കർ: സഭയിൽ പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ള വിഷയമായതിനാൽ ഇത് അവതരിപ്പിക്കുന്നതിന് അനുമതി നൽകാൻ കഴിയില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്നുനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) മോട്ടോർ വാഹന മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: കേന്ദ്ര സർക്കാർ പിന്തുടരുന്ന തൊഴിലാളി വിരുദ്ധ/ജനവിരുദ്ധ നയങ്ങൾ മോട്ടോർ വാഹന മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമായി കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന പ്രതിലോമകരമായ ഉത്തരവുകൾ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്നത് ആശാസ്യമല്ല. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചരക്കുവാഹനങ്ങളുടെ പ്രവർത്തന കാലാവധി 22 വർഷമായി ഉയർത്തുന്ന കാര്യം പരിഗണിക്കണം. നാഷണൽ പെർമിറ്റുള്ള ചരക്ക് വാഹനങ്ങൾക്ക് ലോഡ് കയറ്റുന്നതും ഇറക്കുന്നതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം എടുത്തുകളഞ്ഞത് മോട്ടോർ വാഹന മേഖലയെ പ്രതികൂലമായി ബാധിക്കുകയാണ്. ക്വാറി ഉത്പന്നങ്ങൾക്ക് ജില്ലാ തലത്തിൽ ഏകീകരിച്ച വാടക നിശ്ചയിക്കുന്നതിനും ഉത്പന്ന വില നിശ്ചയിക്കുന്നതിനായി ചേരുന്ന ജില്ലാതല യോഗങ്ങളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ദേശീയപാതയിൽ 100 കിലോമീറ്റർ ഇടവിട്ട് ഗുഡ്സ് ലോറി ഡ്രൈവർമാർക്കുവേണ്ടി വഴിയോര

വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. ജെ.സിബി. പോലുള്ള മണ്ണുമാന്തി യന്ത്രങ്ങൾ അന്യസംസ്ഥാനങ്ങളിൽ സ്വകാര്യ വാഹനമായി രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ വന്ന് സർവ്വീസ് നടത്തുന്നത് നിരോധിക്കുന്നതിനോ ഉടമയിൽനിന്ന് റോഡ് ടാക്സ് ഈടാക്കുന്നതിനോ നടപടി സ്വീകരിക്കണം. ചരക്കുവാഹനങ്ങൾക്ക് ദേശീയ പാതകളിലും ജില്ലാ താലൂക്ക് അടിസ്ഥാനത്തിലും പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണം. കസ്റ്റഡിയിലെടുക്കുന്ന ചരക്ക് വാഹനങ്ങൾ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. ഹൈവേ വികസനത്തിന്റെ ഭാഗമായി ഇല്ലാതായ ഓട്ടോ സ്റ്റാൻഡുകൾക്ക് പകരം സംവിധാനമൊരുക്കണം. ക്ഷേമനിധി ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ക്ഷേമനിധി തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകൾ ഒരുക്കുന്ന പ്രവൃത്തി മോട്ടോർവാഹന വകുപ്പ് ഏറ്റെടുക്കുകയും ഡ്രൈവിംഗ് സ്കൂൾ മേഖലയിലെ ചെറുകിട സഹകരണ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): ഗതാഗത വകുപ്പിൽ കേന്ദ്ര നയങ്ങൾ നടപ്പിലാക്കാൻ അനുവദിക്കുകയില്ല. നാഷണൽ

പെർമിറ്റുള്ള ചരക്കുവാഹനങ്ങൾ ഒന്നിലധികം പോയിന്റിൽ ലോഡ് ഇറക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുന്നതാണ്. ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തൊഴിലാളികൾ 'പരിവാഹൻ' സോഫ്റ്റ്‌വെയറിലൂടെ വാഹനം രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധിയിൽ അടയ്ക്കേണ്ട തുക കൂടി ആട്ടോമാറ്റിക് സംവിധാനത്തിലൂടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡ്രൈവിംഗ് സ്കൂളുകളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. വാഹനങ്ങളുടെ ഓവർ സ്പീഡാണ് അപകടത്തിനുകാരണമായി പലപ്പോഴും കണ്ടെത്തിയിട്ടുള്ളത്. സ്പീഡ് ഗവർണർ വിച്ഛേദിച്ച് വാഹനം ഓടിക്കുന്നത് കണ്ടെത്താനുള്ള പരിശോധന കർശനമാക്കിയതിനാൽ അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്. അച്ചടക്കമുള്ള ഗതാഗത സംവിധാനം വളരെ സുതാര്യമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയ അംഗം ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനുമുന്നിൽ പ്ലക്കാർഡുകളുമായി വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

(സബ്മിഷനുകളുടെ മറുപടി മേശപ്പുറത്തുവച്ചു.)

## III. റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തഞ്ച് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## IV. ധനകാര്യം

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
(6470,82,85,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം
(282,99,32,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII--ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

നോട്ടീസ് നൽകിയ അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് സീറ്റിലില്ലാതിരുന്നതിനാൽ ചട്ടം 49 അനുസരിച്ചുള്ള അരമണിക്കൂർ ചർച്ച നടന്നില്ല.

സഭ രാവിലെ 10.22-ന് പിരിഞ്ഞു.

******